ഉപദ്രവം കാരണം വീണ്ടും ബുദ്ധിമുട്ടിലായിരിക്കുന്നു. വളരെ ഗൗരവതരമായ ഈ പ്രശ്നം മാനുഷികമായ രീതിയിൽ കണ്ടുകൊണ്ട് അവരെ സഹായിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഈ ഔദ്യോഗികമായ കണക്ക് നൂറ് ശതമാനവും ശരിയല്ല. ഏകദേശം 20 കോടി രൂപയ്ക്ക് താഴെ നാശനഷ്ടമുണ്ടായിട്ടുണ്ട്. വളരെ മാനുഷികമായ പരിഗണന അർഹിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി വളരെ വികാരപരമായി ഈ വിഷയം പറയുന്ന ആളാണ്. ഇത് സഹായിക്കേണ്ടതാണ്, സഹായിക്കുമെന്നു പറഞ്ഞു, ഇത് സമയബന്ധിതമായി സഹായിച്ചാലേ കാര്യമുള്ളൂ. ആൾ മരിച്ചതിനുശേഷം ജീവവായു കൊടുത്തിട്ട് കാര്യമുണ്ടോ? ആൾ മരിക്കുന്നതിനുമുമ്പ് ജീവവായു കൊടുത്താലേ കാര്യമുള്ളൂ. അതുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് ഈ നഷ്ടം നികത്തി അവരുടെ ജീവിതത്തിലേക്ക് തിരിച്ചുവരുന്നതിനുവേണ്ടി വല കൊടുക്കുന്നതിനും, നൂലും വലയും മാത്രം കൊടുത്താൽ പോരാ, അത് മൽസ്യബന്ധനത്തിന് പോകത്തക്ക രീതിയിലാക്കി മാറ്റുന്നതിന് വേണ്ടിയുള്ള സഹായം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വഴിയും മത്സ്യഫെഡ് വഴിയും അടിയന്തിരമായി യുദ്ധകാലാടിസ്ഥാനത്തിൽ സമയബന്ധിതമായി നൽകുന്നതിനുള്ള ഉറച്ച പ്രഖ്യാപനം മാത്രമല്ല നടപടി ഉണ്ടാകുമോയെന്നാണ് എനിക്ക് അറിയേണ്ടത്. ഇല്ലെങ്കിൽ യാതൊരു സംശയവും വേണ്ട, ഇമിക്കുന്ന സീറ്റിന്റെ നിറം നോക്കാതെ ട്രഷറി ബഞ്ച് ആണെന്ന് നോക്കാതെ ഞാൻ ഉൾപ്പെടെയുള്ള ആളുകൾ ശക്തമായ നിലപാട് സ്വീകരിക്കേണ്ടിവരുമെന്നുകൂടി അറിയിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട മെമ്പറെപ്പോലെതന്നെ വികാരമുള്ള ആളാണ് ഞാൻ. ഞാനും ജനിച്ചത് കടൽപ്പുറത്താണ്. നിമവധി പേർ ഇവിടെയുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ വികാരം മനസ്സിലാക്കുന്നു. ഒരു കാര്യം വളരെ തീർച്ചയാണ്. അവർക്ക് വളമെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് അടുത്ത സീസൺ ആരംഭിക്കുന്നതിനു മുമ്പായി അവർക്ക് വലകൾ കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് നടപ്പിലാക്കുമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

IV. സബ്മിഷൻ

(1) വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ പണി

ഡോ. എ. നീലലോഹിതദാസൻ നാടാർ : 1962-ൽ തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ആദ്യം ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ തന്നെ പൂർത്തീകരിക്കാൻ പല കാരണങ്ങളാൽ താമസമായി. രണ്ടും മൂന്നും ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അനുമതി ലഭിക്കുന്നതിനുതന്നെ കാലതാമസമുണ്ടായി. ഇപ്പോൾ ഏതാണ്ട് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു, ഇനി കുറച്ചു പണികൾ മാത്രമേ ബാക്കിയുള്ളൂ. പുനരധിവാസം സംബന്ധിച്ച കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. വിഴിഞ്ഞം കടലോരത്തിന്റെ തെക്കും വടക്കും ഭാഗങ്ങളിലായി കുറച്ച് ആളുകളെ പുനരധിവസിപ്പിക്കാനുണ്ട്. അതു സംബന്ധിച്ച് വീടുകൾ വയ്ക്കുന്നതിന് കുറച്ച് കാശ് കൊടുക്കേണ്ടതായിട്ടുണ്ട്. അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിച്ച് ആ ഭൂമി ഏറ്റെടുത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഏൽപ്പിക്കണം. ജില്ലാകളക്ടർ, ഫിഷറീസ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ എന്നിവർ ഉൾക്കൊള്ളുന്ന ത്രീമാൻ കമ്മിറ്റി ഒന്നുകൂടി സജീവമായി പ്രവർത്തിപ്പിക്കണം. ഇനിയുള്ള ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കാകെ ഒരു കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അടിയന്തിരമായി സമയബന്ധിതമായി അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും തുകയ്ക്ക് പ്രൊവിഷൻ വയ്ക്കുകയും വേണം.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിന് മൂന്ന് ഘട്ടങ്ങളായിട്ടാണ് അനുമതി ലഭിച്ചിട്ടുള്ളത്. 1-ാം ഘട്ടത്തിന് 962 ലക്ഷം രൂപയുടെ അനുമതി ലഭിച്ചുവെങ്കിലും 1979-80-ലാണ് 208 ലക്ഷം രൂപ ചെലവിൽ 100 ശതമാനം കേന്ദ്രസഹായത്തോടുകൂടി ഈ ഘട്ടം പൂർത്തീകരിച്ചത്. രണ്ടും മൂന്നും ഘട്ടങ്ങളുടെ സംയുക്തമായിട്ടുള്ള രൂപരേഖയ്ക്ക് 704 ലക്ഷം രൂപയുടെ അനുമതി 1987-ൽ ലഭിച്ചു. എന്നാൽ പുനരധിവാസവും, മറ്റ് പ്രാദേശിക പ്രശ്നങ്ങളുംമൂലം പദ്ധതിയുടെ പൂർത്തീകരണം താമസിച്ചതിനാൽ 1585 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതി 1995-ൽ കേന്ദ്രത്തിൽ സമർപ്പിച്ചതാണ്. അതനുസരിച്ച് 690.50 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ തുറമുഖത്തിന്റെ 90 ശതമാനം ജോലികളും പൂർത്തീകരിച്ചുകഴിഞ്ഞു. ഈ തുറമുഖം ഇപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്നുണ്ട്. ഇനി ശേഷിക്കുന്ന ഘടകങ്ങളായ ഡ്രെഡ്ജിംഗ്, ചുറ്റുമതിൽ എന്നിവയ്ക്ക് 150 ലക്ഷം രൂപ ചെവലുവരുമെന്ന് പ്രതീക്ഷിക്കുന്നു. ഹാർബറിന്റെ ബേസിന് മദ്ധ്യേയുള്ള ഒരു ബെറുണ്ട്. ആ ബെർക്കൂടി മാറ്റുകയാണെങ്കിൽ ഈ ഭാഗത്തെ മണ്ണുനീക്കി തുറമുഖം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ എല്ലാ വിഭാഗം ആളുകളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ചർച്ച ചെയ്ത് പരിഹരിക്കേണ്ടതായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട പുനരധിവാസം 1984-ൽ ആരംഭിച്ചെങ്കിലും പല വിധത്തിലുള്ള പ്രാദേശിക പ്രശ്നങ്ങളും ഉടമസ്ഥ തർക്കങ്ങളും മൂലം വളരെ നീണ്ടുപോയിട്ടുണ്ട്. എന്നാൽ മൂന്നുമാസം മുമ്പ് 350 വീടുകൾ അനുവദിച്ചതോടെ ഈ പ്രശ്നം പൂർണ്ണമായും പരിഹരിച്ചു കഴിഞ്ഞു. ഈ പദ്ധതിക്ക് 1538 ലക്ഷം രൂപ ചെലവായി. അതുപോലെതന്നെ സ്വാഭാവികമായുള്ള ആഴം ഉപയോഗപ്പെടുത്തി ചരക്കുഗതാഗതം നടത്താനും ആലോചിക്കുന്നുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പറുടെ സഹകരണംകൂടി ഉണ്ടാകണം. ബെർ മാറ്റാതെ 200 മീറ്റർ കൂടി പൂർത്തീകരിക്കാൻ കഴിയില്ല. ഞാൻ അത് ജമാ-അത്തുകാരെ വിളിച്ചു സംസാരിച്ചു. എല്ലാവരുടേയും സഹകരണം ഉണ്ടെങ്കിൽ ആറുമാസംകൊണ്ട് പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly